ഉത്തരം

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും 8-12-2015-ൽ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്.

(ബി) ബങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി (Initial approval) ചെന്നൈയിലുള്ള പെട്രോളിയം & എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നും 8-01-2016-ന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ 2016 ഫെബ്രുവരി മാസം തുടങ്ങുന്നതാണ്.

**മത്സ്യത്തൊഴിലാളി ഭവന പദ്ധതി**

250 (227) ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി, മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

GPM. 2/237/2020-98

LIBRARY ARCHIVES Kerala Legislative Assembly

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച എണ്ണം |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 2.5 ലക്ഷം രൂപ (തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങൾ) | 2106 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മറ്റ് മത്സ്യഗ്രാമങ്ങൾ- യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 2867 |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2012-13 | 800 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2013-14 | 800 |
| 5 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2014-15 | 800 |
| 6 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15 | 1800 |
| 7 | മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന വികസന സൗകര്യവും മാനവശേഷി വികസനവും 2015-16 | 4990 |
| | ആകെ | 14163 |

മേൽപ്പറഞ്ഞത് കൂടാതെ ഫിഷർമെൻ കോളനികളിൽ താമസിക്കുന്നതും എന്നാൽ താമസയോഗ്യമല്ലാത്തതുമായ ഭവനങ്ങളുണ്ടായിരുന്ന 654 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വീടുനിർമ്മാണത്തിനായി 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഫ്ലാറ്റ് നിർമ്മിക്കാനായി 2014-15 സാമ്പത്തികവർഷം 48.75 കോടിരൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഫ്ലാറ്റുകളിൽ 8 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷം തന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിരീക്ഷണവും നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

## മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി

251 (228) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന സമയത്ത് ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതി പ്രകാരമുള്ളതാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി പെൻഷൻ കുടിശ്ശിക എത്രയാണ്; ഈ ക്ഷേമനിധി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന് എന്താണ് കാരണമെന്ന് അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ സഹായം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണം;

(ഡി) മേൽ പരാമർശിച്ചതുൾപ്പടെയുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസക്കാലയളവായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുമാണ് തുക വിതരണം ചെയ്യുന്നത്. 2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതമായ 900 രൂപ മേയ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നാം ഗഡു തുകയായ 900 രൂപ ജൂൺ മാസത്തിലും രണ്ടാംഗഡു തുകയായ 900 രൂപ

LIBRARY ARCHIVES Kerala Legislative Assembly